LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമിയിലെ കോഴ്സുകൾ

247(2603) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമിയിൽ പുതിയ കോഴ്സുകൾ തുടങ്ങണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പുതുതായി കോഴ്സുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) ഡയറക്ടർ നൽകിയ പ്രൊപ്പോസൽ 21-12-2020-ന് കൂടിയ ബിസിനസ് അഡ്വൈസറി കമ്മിറ്റി സൂക്ഷ്മമായി പരിശോധിക്കുകയും പുതിയ കോഴ്സുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർക്കാർ മുമ്പാകെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ പരിഗണനയിലില്ല.

(ബി) പ്രസ്തുത അക്കാദമി നടത്തുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി 46 കോഴ്സുകളാണ് IIIC-യിൽ നടത്തിവരുന്നത്. കോഴ്സുകളുടെ വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) അക്കാദമിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷന്റെ (IIIC) നടത്തിപ്പിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിക്കുകയുണ്ടായി. ഇത്തരത്തിൽ ക്ഷണിച്ച RFP ഒരു വിദഗ്ധ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി തെരഞ്ഞെടുത്ത സ്വകാര്യ സ്ഥാപനത്തിനാണ് IIIC-യുടെ നടത്തിപ്പ് ചുമതല നൽകിയിരിക്കുന്നത്. ആയതിനാൽ IIIC-യുടെ മുഴുവൻ നടത്തിപ്പ് ചുമതലയും ടി സ്വകാര്യ പങ്കാളിയിൽ നിക്ഷിപ്തമാണ്. ഇക്കാരണത്താൽ IIIC-യിൽ തസ്തികകളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. കൂടാതെ സ്ഥാപനത്തിലെ നിയമനം പരിശീലന പങ്കാളിയുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെട്ടതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.